LIBRARY ARCHIVES Kerala Legislative Assembly

മുറിച്ചുമാറ്റിയ മരങ്ങളുടെ ലേലത്തുക

65 [5716] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് മുതൽ കൊളപ്പുള്ളിവരെ റോഡ് വീതികൂട്ടുന്നതിന്റെ ഭാഗമായി മുറിച്ച് മാറ്റിയ മരങ്ങൾ എത്ര രൂപയ്ക്കാണ് ലേലത്തിൽ നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം ഇനത്തിൽപ്പെട്ട എത്ര മരങ്ങളാണ് ഈ ഇനത്തിൽ നൽകിയത്;

(സി) ഇത്രയും മരങ്ങൾക്ക് വനംവകുപ്പ് നിശ്ചയിച്ച തറവില എത്രയായിരുന്നു വെന്ന് വെളിപ്പെടുത്താമോ;

(ഡി) തറവിലയേക്കാൾ അഞ്ചിരട്ടിയിലധികം മാർക്കറ്റ് വില ലഭിക്കുമെന്നി രിക്കെ തറവിലയ്ക്ക് ലേലം സ്ഥിരപ്പെടുത്തിയ സ്ഥിതിക്ക് ലേലം റദ്ദാക്കാൻ തയ്യാറാ കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) മുറിച്ചു മാറ്റിയ മരങ്ങളുടെ വില 20,60,300 രൂപയും നികുതി 3,99,411 രൂപയും.

(ബി) 37 ഇനങ്ങളിൽപ്പെട്ട 596 മരങ്ങൾ ലേലത്തിൽ നൽകിയിട്ടുണ്ട്. ഇനങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) വനംവകുപ്പ് നിശ്ചയിച്ച തറവില 21,70,263 രൂപ.

(ഡി) ലേലവും അനന്തരനടപടികളും സർക്കാർ ചട്ടങ്ങൾ പ്രകാരമായതിനാൽ ലേലം റദ്ദാക്കാൻ ഉദ്ദേശിക്കുന്നില്ല.

മട്ടാഞ്ചേരിയിൽ ഗാമൺ ഇന്ത്യാ ലിമിറ്റഡ് നിർമ്മിച്ച പാലം

66 [5718] ശ്രീ. പി. ജെ. ജോയി
" ഇ. എം. അഗസ്തി:
" പ്രയാർ ഗോപാലകൃഷ്ണൻ:
" ലൂഡി ലൂയിസ്:
" വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടാഞ്ചേരിയിൽ ഗാമൺ ഇന്ത്യാ ലിമിറ്റഡ് നിർമ്മിച്ച ബി. ഒ. ടി. അടിസ്ഥാന ത്തിലുള്ള പാലത്തിൽ നിന്നും എത്ര വർഷം ടോൾ പിരിക്കുവാനുള്ള അധികാരം അവർക്ക് കൊടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

---

† അനുബന്ധം III.

അനുബന്ധം III

[12-8-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 65 (5716) ദയവായി കാണുക.]

1.	മരുതി	2
2.	പടുമരം	2
3.	പന	2
4.	ചേര്	2
5.	സിന്ദൂരം	1
6.	പൂവം	2
7.	എണ്ണക്കരെ	2
8.	ബദാം	2
9.	ആല്	1
10.	മട്ടി	5
11.	പൂവരശ്	10
12.	പുളി	10
13.	ആവൽ	4
14.	വാക	1
15.	മഴമരം	169
16.	പ്ലാവ്	8
17.	പാല	15
18.	ഞാവൽ	16
19.	മാവ്	167
20.	ആറാംപുളി	1
21.	തെങ്ങ്	2
22.	അരയാൽ	15
23.	ഗുൽമോഹർ	8
24.	തേക്ക്	4
25.	അക്കേഷ്യ	60
26.	കൈനി	1
27.	ഇലവ്	3
28.	പേരാൽ	17
29.	ഉങ്ങ്	28
30.	കോലരത്തി	1
31.	വീട്ടി	3
32.	മഞ്ഞപാറവിട്ട	2
33.	കാഞ്ഞിരം	1
34.	ആര്യവേപ്പ്	22
35.	പഞ്ഞിപ്പുള	3
36.	ഇരുപ്പ്	3
37.	അത്തി	1
	ആകെ	596

LIBRARY ARCHIVES Kerala Legislative Assembly